**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5292 02/07/2013-ൽ മറുപടിയ്ക്ക്**

**പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള ഫണ്ട് വിതരണം**

| *ചോദ്യം* | *ഉത്തരം* |
|---|---|
| ശ്രീ. കെ.കുഞ്ഞിരാമൻ(ഉദുമ) | ശ്രീ.കെ.എം.മാണി<br>ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി |
| ചോദ്യം | മറുപടി |
| (എ) കാസർഗോഡ് ജില്ലയിൽ പ്രത്യേക ഘടക പദ്ധതി പ്രകാരം എസ്.സി/ എസ്.റ്റി വിഭാഗക്കാർക്കായി പ്ലാൻ ഫണ്ട് വിതരണം ചെയ്യുന്നത് ഏത് വർഷത്തെ സെൻസസ് പ്രകാരമാണെന്ന് അറിയിക്കാമോ; | 2001 സെൻസസ് അനുസരിച്ചുള്ള പട്ടികജാതി-പട്ടികവർഗ്ഗ ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് എസ്.സി/എസ്.റ്റി വിഭാഗക്കാർക്കായി പ്ലാൻ ഫണ്ട് വിതരണം ചെയ്യുന്നത്. |
| (ബി) 2001-ന് ശേഷം ജില്ലയിൽ മലയ, മലവേട്ടുവ എന്നീ വിഭാഗക്കാരെ എസ്.സി.യിൽ നിന്ന് എസ്.റ്റി.യിലേക്ക് മാറ്റിയതിന്റെ അടിസ്ഥാനത്തിൽ വന്നിട്ടുള്ള ജനസംഖ്യാനുപാത മാറ്റത്തിനനുസരിച്ച് ഫണ്ട് വിതരണത്തിൽ മാറ്റം വരുത്തിയിട്ടില്ലായെന്ന വിഷയം ശ്രദ്ധയിൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഉണ്ട്. |
| (സി) അശാസ്ത്രീയമായ ഈ ഫണ്ട് വിതരണം മാറ്റണമെന്ന ജില്ലയിലെ ത്രിതല പഞ്ചായത്തുകളുടെ ആവശ്യം ഇതു വരെ പരിഗണിച്ചിട്ടില്ലായെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ഈ വിഷയം സർക്കാരിന്റെ പരിഗണനയിലാണ് |

| | |
|---|---|
| (ഡി) ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുമോ? | 2011-ലെ സെൻസസ് പട്ടിക പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് ഇതിനെ അടിസ്ഥാനപ്പെടുത്തി ഫണ്ട് വിതരണം നടത്തുമ്പോൾ കാസർഗോഡ് ജില്ലയിലെ പ്രാദേശിക സർക്കാരുകളുടെ ഈ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. |

**സെക്ഷൻ ഓഫീസർ**